'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - മാനന്തവാടി മുനിസിപ്പാലിറ്റിയിലെ അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. റ്റി.ഡി. ജോണിയ്ക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.3219/2018/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 21/12/2018**

---

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ ഡയറക്ടറുടെ 06.10.2016-ലെ ഇ6 (എസ് സി 03/16/WYD)29449/2016 നമ്പർ കത്ത്

2 തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പിന്റെ 21.02.2017-ലെ 295/ഇയു2/2016/തസ്വഭവ നമ്പർ അനൗദ്യോഗിക കുറിപ്പ്

3 സർക്കാരിന്റെ 16.03.2017-ലെ 20/ഇപിബി3/17/തസ്വഭവ നമ്പർ കുറ്റപത്രം

4 ശ്രീ. റ്റി.ഡി. ജോണി സമർപ്പിച്ച 06.06.2017-ലെ പ്രതിവാദ പത്രിക

5 പഞ്ചായത്ത് ഡയറക്ടറുടെ 15.03.2018-ലെ ഡി11-11419/2017നമ്പർ കത്ത്

## ഉത്തരവ്

വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ സംസ്ഥാന വ്യാപകമായി ഓപ്പറേഷൻ ഠൗൺ & സിറ്റി എന്ന പേരിൽ കോർപ്പറേഷനുകളിലും, മുനിസിപ്പാലിറ്റികളിലും 16.01.2016-ൽ അന്വേഷണം നടത്തിയതിന്റെ ഭാഗമായി വയനാട് ജില്ലയിലെ മാനന്തവാടി മുനിസിപ്പാലിറ്റിയിൽ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. വിജിലൻസ് പരിശോധനയിൽ വയനാട് ജില്ലയിലെ മാനന്തവാടി മുനിസിപ്പാലിറ്റിയിൽ കെട്ടിട നിർമ്മാണ പെർമിറ്റ്, ജനന-മരണ സർട്ടിഫിക്കറ്റ്, ഡി&ഒ ലൈസൻസ് എന്നിവയുടെ വിതരണത്തിൽ കാലതാമസം വരുത്തുന്നതായും, ഫ്രണ്ട് ഓഫീസിൽ അപേക്ഷകൾ രജിസ്റ്റർ ചെയ്യുന്നതിലും, ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ തുക രേഖപ്പെടുത്തുന്നതിലും വീഴ്ച വരുത്തിയതായും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ടി വീഴ്ചകൾക്കുത്തരവാദിയായ സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്ന അസിസ്റ്റന്റ് സെക്രട്ടറിയ്ക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കണമെന്നും ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ വീഴ്ചകൾക്കുത്തരവാദിയായ മാനന്തവാടി മുനിസിപ്പാലിറ്റിയിലെ സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്ന അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. റ്റി.ഡി. ജോണിയ്ക്ക് പരാമർശം (3) പ്രകാരം ലഘുശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു.

കുറ്റപത്രത്തിന് ശ്രീ. റ്റി.ഡി. ജോണി പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ കുറ്റാരോപണ പത്രികയിൽ

പരാമർശിക്കപ്പെട്ട കാലയളവിലെ വിതരണ രജിസ്റ്ററും, ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമായിട്ടില്ലായെന്നും എന്നാൽ നിലവിൽ എല്ലാ അപേക്ഷകളും ഫ്രണ്ട് ഓഫീസിൽ രജിസ്റ്റർ ചെയ്യുന്നതായും ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ തുക രേഖപ്പെടുത്തി സൂക്ഷിക്കുന്നതായും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പ്രതിവർഷം ശരാശരി അയ്യായിരത്തിലധികം ജനന-മരണ രജിസ്ട്രേഷനുകളും, കൂടാതെ തെറ്റ തിരുത്തൽ, പേര് ചേർക്കൽ, എൻ.ഒ.സി. തുടങ്ങിയ അപേക്ഷകളും കൈകാര്യം ചെയ്യേണ്ടതിനാലും, അയൽ ജില്ലകളിൽ നിന്നും അയൽ സംസ്ഥാനത്തു നിന്നും ധാരാളം അപേക്ഷകൾ ലഭിക്കുന്നതിനാലും ചില അപേക്ഷകൾക്ക് സേവനം നൽകുന്നതിൽ കാലതാമസം വരുന്നതായും എന്നാൽ ഭൂരിപക്ഷം അപേക്ഷകളിന്മേലും നിശ്ചിത കാലാവധിക്കുള്ളിൽ നടപടി സ്വീകരിച്ചിട്ടുള്ളതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മാനന്തവാടി നഗരസഭയിൽ ഓരോ മാസവും കെട്ടിട നിർമ്മാണ പെർമിറ്റ് സംബന്ധിച്ച് അറുപതോളം അപേക്ഷകൾ കൈകാര്യം ചെയ്യേണ്ടി വരുന്നതായും, സ്ഥലപരിശോധന നടത്തുന്ന സാങ്കേതിക വിഭാഗത്തിലെ കുറവും, അമിത ജോലിഭാരവും അപേക്ഷകളിൽ സമയബന്ധിതമായി നടപടി എടുക്കുവാൻ സാധിക്കാത്ത അവസ്ഥയുണ്ടാക്കിയതായും എന്നാൽ പെർമിറ്റ് ഫീസ് ഒടുക്കുന്ന മുറയ്ക്ക് അനുമതി നൽകുന്നതിൽ വീഴ്ച വരുത്തിയിട്ടില്ലെന്നും, ഡി&ഒ ലൈസൻസ് അപേക്ഷകളിൽ ഫീൽഡ്തല പരിശോധനയ്ക്കുള്ള സമയവും അപേക്ഷയിൽ ലൈസൻസ് ഫീസ് ഒടുക്കുന്നതിലുള്ള കാലതാമസവും മൂലം ചില അപേക്ഷകളിൽ സമയപരിധിക്കുള്ളിൽ ലൈസൻസ് നൽകാൻ കഴിഞ്ഞിട്ടില്ലായെങ്കിലും ലഭിച്ച എല്ലാ അപേക്ഷകൾക്കും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടെന്നതിനാൽ മുനിസിപ്പാലിറ്റിക്ക് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ലെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം ശ്രീ. റ്റി.ഡി. ജോണി സമർപ്പിച്ച പ്രതിവാദ പത്രികയുടെയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. വിജിലൻസ് അന്വേഷണത്തിൽ ക്രമക്കേടുകൾ നിലനിന്നിരുന്നതാണെന്നും പിന്നീട് അത് ശരിയായ രീതിയിൽ ചെയ്തുവരുന്നതായുമാണ് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഈ സാഹചര്യത്തിൽ ക്രമക്കേട് നടന്നുവെന്നതിനാലും എന്നാൽ പ്രസ്തുത വീഴ്ചകളെല്ലാം നിലവിൽ പരിഹരിച്ച് കൃത്യമാക്കിയിട്ടുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിലും മാനന്തവാടി മുനിസിപ്പാലിറ്റിയിലെ സെക്രട്ടറിയുടെ അധിക ചുമതല വഹിച്ചിരുന്ന അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. റ്റി.ഡി. ജോണിയ്ക്ക് ലഘുശിക്ഷയായ സെൻ ഷർ നൽകി അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്.മോഹന്ദാസ്**
**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

2. ശ്രീ. റ്റി.ഡി. ജോണി, മുൻ അസിസ്റ്റന്റ് സെക്രട്ടറി, മാനന്തവാടി മുനിസിപ്പാലിറ്റി

3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ, തിരുവനന്തപുരം

4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ

5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്

6. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം

7. തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പ്

8. വിജിലൻസ് വകുപ്പ്

   (യു.ഒ റിമാർക്സ് നം.വിജി.ഡി1/702/2018/വിജി. തീയതി 30.06.2018പ്രകാരം)

9. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

10. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/20/2017/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ